## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4619

25.06.2019-ൽ മറുപടിയ്ക്ക്

### സമുദ്ര മത്സ്യസമ്പത്ത് സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ. വിജയൻ പിള്ള : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സമുദ്രത്തിലെ മത്സ്യ സമ്പത്ത് സംരക്ഷണത്തിനും വർദ്ധനവിനുമായി സംസ്ഥാന ഗവണ്മെന്റ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന മത്സ്യസംരക്ഷണത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1)സംസ്ഥാനത്തിന്റെ തീരക്കടലിൽ സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യകുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (minimum legal size) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.<br>2)അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.<br>3)അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നവർക്കും കെ.എം.എഫ്.ആർ നിയമവും ചട്ടങ്ങളും ലംഘിക്കുന്നവർക്കും വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തു വരുന്നു.<br>4)ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.<br>5)പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്.<br>6)തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച് പി വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തി.<br>7)ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.<br>8)വിഷം കലക്കിയുള്ള മത്സ്യബന്ധനം, |

| | | | |
|---|---|---|---|
| | | | ഡൈനാമിറ്റ് ഉപയോഗിച്ചുളള മത്സ്യ ബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ലാസ്റ്റിക്, ക്ലാഞ്ഞിൽ എന്നിവ ഉപയോഗിച്ചുളള തെറ്റായ മത്സ്യബന്ധന രീതികളും കർശനമായി നിരോധി ച്ചു.<br>9) കടൽ പട്രോളിംഗ് ശക്തമാക്കി.<br>10) ട്രോൾബാൻ 52 ദിവസമായി വർദ്ധിപ്പിച്ചു. (ജൂൺ 10-ജൂലൈ 31 വരെ)<br>11) ശാസ്ത്രീയമായ മത്സ്യബന്ധനം, മത്സ്യസമ്പത്തിന്റെ പരിപാലനവും സംര ക്ഷണവും എന്നിവയിൽ മത്സ്യത്തൊഴി ലാളികളുടെ കൂടി പങ്കാളിത്തത്തോടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ത്രിതല രീതിയി ലുളള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരി ക്കുന്നതിനുളള നടപടി സ്വീകരിച്ചു വരുന്നു.<br>12) തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ, മരിയനാട്, അഞ്ചുതെങ്ങ് ത്തുറ എന്നീ തീരക്കടലിൽ 1 കോടി രൂപ ചെലവിൽ കൃത്രിമപ്പാര് നിക്ഷേപി ക്കുകയും മത്സ്യ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നടപ്പ് വർഷം വലിയതുറ, പൂന്തുറ, ബീമാപള്ളി എന്നീ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപി ക്കുന്നതിന് 2 കോടി രൂപ വകയിരു ത്തിയിട്ടുണ്ട്.<br>13) മത്സ്യ സമ്പത്തിന്റെ പരിപാലന ത്തിനും വർദ്ധനവിനുമായി സർക്കാർ നടപ്പിലാക്കിയ വിവിധ നടപടി കളുടെ ഫലമായി 2018-19 വർഷം സമുദ്ര മത്സ്യോല്പാദനം 6.09 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | സമുദ്രത്തിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനായി കേരളം നടപ്പിലാക്കിയ പദ്ധതികൾ ഇന്ത്യയിലെ തീര സംസ്ഥാനങ്ങൾ നടപ്പിലാക്കണമെന്ന് കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ? | (ബി) | 2018 നവംബർ 10, 11 തീയതികളിൽ എറണാകുളം സി.എം.എഫ്.ആർ.ഐ യിൽ വച്ച് കേരളം നേതൃത്വം നൽകി സംഘടിപ്പിച്ച ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനുള്ള ചർച്ചയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ എല്ലാം തന്നെ സി.എം.എഫ്.ആർ.ഐ യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അശാസ്ത്രീയ മത്സ്യബന്ധന ത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കാമെന്ന് ധാരണയായിട്ടുണ്ട്. |

കേരളം നടപ്പിലാക്കിയതുപോലെ കെ.എം.എഫ്.ആർ നിയമ ഭേദഗതി ചെയ്യാനും ചട്ടങ്ങൾ നടപ്പിലാക്കാനും ശ്രമിക്കുമെന്ന് ഈ സമ്മേളനത്തിൽ വച്ച് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ അഭിപ്രായപ്പെടുക യുണ്ടായി. ടി സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ശുപാർശകളായി കേന്ദ്ര സർക്കാരിന് കൈമാറിയിട്ടുണ്ട്. കേന്ദ്ര ഫിഷറീസ് സെക്രട്ടറി എല്ലാ തീരദേശ സംസ്ഥാനങ്ങൾക്കും യൂണിയൻ ടെറിറ്ററികൾക്കും കേരളസർക്കാർ നടപ്പാക്കി കൊണ്ടിരിക്കുന്ന വിഭവ പരിപാലന സംരക്ഷണ നടപടികൾ അതതു സംസ്ഥാ നങ്ങളിൽ നടപ്പാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് കത്തയച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**